(സി) ഈ പ്രവൃത്തിക്ക് അനുമതി ലഭിച്ചിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കാമോ?

15-2-2021-ലെ സ.ഉ(സാധാ) നമ്പർ 110/2021/ജ.വി.വ. പ്രകാരം അനുമതി നൽകിയിട്ട് ഏകദേശം 8 മാസത്തോളം കാലമായിട്ടുണ്ട്.

(ഡി) ഇതുവരെ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ?

സ്റ്റീൽ പാലം പണിയുന്നതിനായി നടത്തി വരുന്ന മണ്ണ് പരിശോധന ഉടനടി പൂർത്തിയാകുന്നതാണ്.

(ഇ) പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

കോവിഡിനെ തുടർന്ന് ഏർപ്പെടുത്തിയ ലോക്ക്ഡൗൺമൂലവും ശക്തമായ മഴയെ തുടർന്ന് പുഴയിലെ കുത്തൊഴുക്ക് കൂടിയത് കാരണവും മണ്ണ് പരിശോധന സമയബന്ധിതമായി ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല.

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നവീകരണം

158 (543) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ നവീകരിക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ മേഖല തിരിച്ച് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കമ്പനികൾ കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കരട് മാസ്റ്റർ പ്ലാനുകളിന്മേൽ തേടിയ ഉന്നതതല നിർദ്ദേശങ്ങളും കമ്പനികളിലെ ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയും അഭിപ്രായങ്ങളും പരിഗണിച്ചതിനുശേഷം അതാത് മേഖലകളിലെ വിദഗ്ധർ അടങ്ങുന്ന ഒരു സമിതിയുടെ മുൻപാകെ വിദഗ്ധ പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്. വിദഗ്ധ സമിതിയുടെ പരിശോധനയ്ക്കുശേഷം കമ്പനികളുടെ മാസ്റ്റർ പ്ലാനുകൾ സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഈ മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും സ്ഥാപനങ്ങളുടെ വരും വർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly